LIBRARY ARCHIVES Kerala Legislative Assembly

**പുതിയ റേഷൻ കാർഡുകൾ**

199 (1242) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകൾ പുതുതായി വിതരണം ചെയ്യുന്ന സമയത്ത് സ്ഥലത്തില്ലാത്തവർക്ക് കാർഡുകളിൽ പേര് ചേർക്കാൻ പിന്നീട് അവസരം നല്കുമോ ;

(ബി) റേഷൻ കാർഡുകൾ പുതുക്കി നല്കുമ്പോൾ ഒഴിവാക്കപ്പെടുന്നവർക്ക് അറിയിപ്പ് നല്കുന്ന രീതി നിലവിലുണ്ടോ ;

(സി) അപ്രകാരം ഒഴിവാക്കപ്പെടുന്നവർക്ക് പുതിയ കാർഡ് ലഭ്യമാക്കാൻ അവസരം നല്കുമോ ?

ഉത്തരം

(എ) അവസരം നൽകുന്നതാണ്.

(ബി) ഇല്ല.

(സി) പുതിയ കാർഡിനായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസുകളിൽ മതിയായ രേഖകളോടുകൂടി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന് വകയിരുത്തിയിരുന്ന ബഡ്ജറ്റ് തുകയുടെ വിനിയോഗം**

200 (1243) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്ന് അറിയിക്കാമോ ;

(ബി) വകയിരുത്തിയ തുക മുഴുവൻ വകുപ്പിന് അനുവദിച്ചുകിട്ടിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഇതിൽ എത്ര തുകയാണ് ഇതിനകം ചെലവഴിക്കാനായത് എന്ന് അറിയിക്കാമോ ; തുക മുഴുവൻ ചെലവഴിക്കാനായില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെങ്കിലും പദ്ധതികൾ നടപ്പാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉപധനാഭ്യർത്ഥനകൾ വഴിയും അഡീഷണൽ അലോക്കേഷൻ മുഖാന്തരവും മൊത്തം പദ്ധതി ശീർഷകങ്ങളിൽ 35.69 കോടിയും പദ്ധതിയേതര ശീർഷകങ്ങളിൽ 1075.55 കോടി രൂപയും ഉൾപ്പെടെ ആകെ 1,111.24 കോടി രൂപയാണ് സിവിൽ സപ്ലൈസ് വകുപ്പിന് വകയിരുത്തിയിരുന്നത്.

(ബി&സി) വകയിരുത്തിയ തുക മുഴുവൻ വകുപ്പിന് അനുവദിച്ച് കിട്ടിയിട്ടുണ്ട്. 28-2-2015-വരെ പദ്ധതി ശീർഷകങ്ങളിൽനിന്നും 4.68 കോടി രൂപയും പദ്ധതിയേതര ശീർഷകങ്ങളിൽനിന്നും 1022.74 കോടി രൂപയും ഉൾപ്പെടെ ആകെ 1027.42 കോടിയാണ് ചെലവഴിച്ചിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുൻപ് മുഴുവൻ തുകയും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. കോന്നിയിലെ സി.എഫ്.ആർ.ഡി.-യുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ ആരംഭിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ ധനവിനിയോഗ അനുമതി ലഭ്യമായാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയൂ.

## നെല്ലിന്റെ താങ്ങുവില

201 (†1244) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച നെല്ലിന്റെ താങ്ങുവില കർഷകന് ഒരുമിച്ച് ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) നാളിതുവരെ ഒറ്റത്തവണ ലഭിച്ച സംഭരണ വില രണ്ട് തവണയായി ലഭിക്കുമ്പോൾ കർഷകർക്ക് ഉണ്ടാവുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; സംഭരണ വില ഒരുമിച്ച് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) നെല്ലിന്റെ സംഭരണ വില 25 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ ?

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു